**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2323** **30-09-2025 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അങ്കണവാടി ജീവനക്കാരെ തൊഴിലാളികളായി അംഗീകരിക്കുവാനും നിലവിലുള്ള ഓണറേറിയം വർദ്ധിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | (എ) കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സക്ഷം' അങ്കണവാടി പദ്ധതിയിൽ അങ്കണവാടി പ്രവർത്തകരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കപ്പെടുന്നത്. അങ്കണവാടി പ്രവർത്തകർ ഓണറേറിയം അടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന സന്നദ്ധ പ്രവർത്തകരാണ്. 2025-26 സാമ്പത്തിക വർഷം മുതൽ, അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം ഇനത്തിൽ പ്രതിമാസം 1,000/-രൂപ വർദ്ധനവ് അനുവദിക്കുന്നതിനായി കേരള നിയമസഭയുടെ വിഷയ നിർണയ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | ക്ഷേമനിധി, യാത്രാ ആനുകൂല്യങ്ങൾ, വിവാഹം, അസുഖങ്ങൾ, വീട്ടു നിർമ്മാണം ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കുള്ള സഹായം എന്നിവ സമയബന്ധിതമായി നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | (ബി) കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന്റെ ധനസ്ഥിതിയെ അടിസ്ഥാനപ്പെടുത്തി പെൻഷൻ, ക്ഷേമനിധി ആനുകൂല്യം, വിരമിക്കൽ ആനുകൂല്യം, മരണാനുകൂല്യം എന്നിവയ്ക്കൊപ്പം തന്നെ മറ്റാനുകൂല്യങ്ങളും ധനസഹായങ്ങളും നൽകുന്നത് പരിശോധിക്കുന്നതാണ്. വിവാഹം, അസുഖങ്ങൾ, വീട്ടുനിർമ്മാണം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകളൊന്നും നിലവിൽ ക്ഷേമനിധി ബോർഡിൽ കുടിശ്ശികയായിട്ടില്ല. അങ്കണവാടി പ്രവർത്തകർക്കുള്ള യാത്രാബത്ത പുന:സ്ഥാപിക്കുന്നതിനായി കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിനു കത്ത് നല്കിയിട്ടുള്ളതും 2025-26-ലെ പ്രൊജക്റ്റ് അപ്രൂവൽ ബോർഡ് മീറ്റിങ്ങിൽ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുള്ളതുമാണ്. കേന്ദ്ര വിഹിതം നിലവിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ യാത്രാബത്ത അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന് പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ